ആദിവാസി പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതി

28 (*57) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ :

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങൾക്കും ഭവനം നിർമ്മിച്ചു നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് സുവർണ്ണ ജൂബിലി മൈത്രി ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നു. ഇതുകൂടാതെ ത്രിതല പഞ്ചായത്തുകൾ ഭവനനിർമ്മാണത്തിനാണ് ഞങ്ങളുടെ പദ്ധതികളിൽ മുൻതൂക്കം നൽകിവരുന്നത്.

(സി) പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, അലോപ്പതി ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറികൾ, ആയുർവേദ ആശുപത്രി, ഹെൽത്ത് പ്രോജക്ടുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കിവരുന്നു. ഇത് കൂടാതെ സങ്കേതങ്ങൾ ഹെൽത്ത് വോളണ്ടിയർമാരെ നിയമിച്ചിട്ടുണ്ട്.

നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

29 (*59) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly